NHS England South East

# ലേബർ ഇൻഡക്ഷനും ട്രാൻസ്ഫറുകളും

## ഗർഭിണികൾ/ ആളുകൾക്കുള്ള നിർദ്ദേശങ്ങൾ

Malayalam

തിരക്കേറിയ സമയങ്ങളിൽ പോലും, നിങ്ങളുടെ പരിചരണവും മുൻഗണനകളും ഞങ്ങൾക്ക് എപ്പോഴും വളരെ പ്രധാനമാണ്. നിങ്ങളുമായി എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു, നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന ഏത് ചോദ്യങ്ങളും ചോദിക്കാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

# ലേബർ ഇൻഡക്ഷനിലെ കാലതാമസം

ചിലപ്പോൾ മെറ്റേണിറ്റി യൂണിറ്റുകൾ സാധാരണയേക്കാൾ തിരക്കേറിയതായിരിക്കും, പ്രത്യേകിച്ചും നിരവധി ശിശുക്കൾ ഒരേസമയം ജനിക്കുമ്പോൾ. അത്തരം സന്ദർഭങ്ങളിൽ, ഞങ്ങൾക്ക് ഞങ്ങളുടെ ജീവനക്കാരെ ക്രമീകരിക്കുകയും അടിയന്തിര പരിചരണത്തിന് മുൻഗണന നൽകുകയും ചെയ്യേണ്ടത് ആവശ്യമായി വന്നേക്കാം. എല്ലാ ഇൻഡക്ഷനുകളും പ്രധാന്യമേറിയതാണ്, എന്നിരുന്നാലും, ഒരു ഇൻഡക്ഷൻ മാറ്റിവയ്ക്കുകയോ അല്ലെങ്കിൽ കൂടുതൽ വേഗത്തിൽ പരിചരണം നൽകാൻ കഴിയുന്ന മറ്റൊരു ആശുപത്രിയിലേക്ക് മാറ്റുകയോ ചെയ്യേണ്ടത് ആവശ്യമായി വന്നേക്കാം. ഇത് അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമേ സംഭവിക്കുകയുള്ളൂ.

ഈ വിവരം വളരെ നിരാശാജനകമായേക്കാം, പ്രത്യേകിച്ചും നിങ്ങൾ ശിശുപരിപാലനം, കുടുംബയോഗങ്ങൾ, ഏറ്റവും പ്രധാനമായി, നിങ്ങളുടെ നവജാതശിശുവിനെ സ്വാഗതം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ തുടങ്ങിയവ ചെയ്തിട്ടുണ്ടെങ്കിൽ. കാത്തിരിക്കുന്നത് എത്രത്തോളം നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞിനും സുരക്ഷിതമാണെന്ന് നിങ്ങൾക്ക് ആശങ്കയുണ്ടാകാം.

- എന്തെങ്കിലും നിങ്ങൾക്ക് വളരെ ബുദ്ധിമുട്ടുള്ളതോ ശരിക്കും പ്രാധാന്യമുള്ളതോ ആണെങ്കിൽ, ദയവായി ഞങ്ങളോട് അത് സംസാരിക്കുക, സാഹചര്യം മാറ്റാൻ ഞങ്ങൾക്ക് കഴിഞ്ഞേക്കില്ലെങ്കിലും, നിങ്ങളുടെ വികാരങ്ങൾ മനസിലാക്കാൻ ഞങ്ങൾക്ക് എപ്പോഴും താൽപ്പര്യമുണ്ട്.
- നിങ്ങളുടെ ലേബർ ഇൻഡക്ഷൻ ആരംഭിക്കുന്നതിത് നീട്ടിക്കൊണ്ടുപോവുകയോ അല്ലെങ്കിൽ തുടരുകയോ ചെയ്യുന്നത്, അങ്ങിനെ ചെയ്യുന്നത് സുരക്ഷിതമാണെന്ന് കണ്ടെത്തുകയും, ആശുപത്രി ജീവനക്കാർ യഥാർത്ഥ പ്ലാൻ പാലിക്കാൻ സാധ്യമായ എല്ലാ നടപടികളും തീർത്തുകഴിഞ്ഞെങ്കിലോ മാത്രമേ സംഭവിക്കുകയുള്ളൂ.

കാലതാമസത്തിനിടയിൽ, നിങ്ങളുടെ കുഞ്ഞിന്റെ ചലനങ്ങളെക്കുറിച്ച് ഒരു മിഡ്‌വൈഫ് നിങ്ങളോട് സംസാരിച്ചേക്കാം കൂടാതെ അവർ നിങ്ങളുടെ വൈകാരികാവസ്ഥ ശ്രദ്ധിക്കുകയും ചെയ്യും . നിങ്ങൾ വീട്ടിലാണെങ്കിൽ, പരിശോധനയ്ക്കായി ആശുപത്രിയിൽ വരാൻ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം. ഇതിൽ കുഞ്ഞിന്റെ നിരീക്ഷണം (CTG), സ്കാൻ അല്ലെങ്കിൽ മറ്റ് പരിശോധനകൾ എന്നിവ ഉൾപ്പെടാം. നിങ്ങളുടെ ഇൻഡക്ഷനായി കാത്തിരിക്കുമ്പോൾ ആശുപത്രിയിൽ താമസിക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം; ഇത് നിങ്ങളുമായി ചർച്ച ചെയ്യും.

**നിങ്ങൾ ആശുപത്രിയിലായാലും വീട്ടിലായാലും, നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ അല്ലെങ്കിൽ ഈ ലക്ഷണങ്ങളിൽ എന്തെങ്കിലും ഉണ്ടെങ്കിൽ, മെറ്റേണിറ്റി ട്രയേജിനെ വിളിക്കുക അല്ലെങ്കിൽ ആശുപത്രിയിലെ മിഡ്‌വൈഫുമായി സംസാരിക്കുക.**

**നിങ്ങൾക്ക് വിളിക്കാനുള്ള ടെലിഫോൺ നമ്പർ** ______________________________



യോനിയിലൂടെയുള്ള
രക്തസ്രാവം



ഡിസ്ചാർജിലെ വർദ്ധനവ്,
പ്രത്യേകിച്ചും അത് വെള്ളം
പോലെയാണെങ്കിൽ



ദ്രാവക സഞ്ചി പൊട്ടുക



കുഞ്ഞിന്റെ ചലനങ്ങൾ
കുറയുകയോ മാറുകയോ
ചെയ്ക



അസുഖം ഉള്ളതുപോലെ
തോന്നുകയോ അല്ലെങ്കിൽ
പനിയുണ്ടെങ്കിൽ



നിങ്ങളുടെ വയറ്റിൽ വേദന,
ഇത് ഇടയ്ക്കിടെ അല്ലെങ്കിൽ
സ്ഥിരമായോ ഉണ്ടാവാം.



ചൊറിച്ചിൽ



നിങ്ങളുടെ കൈകളിലോ
കാലുകളിലോ മുഖത്തോ
വീക്കം



നിങ്ങളുടെ കാഴ്ചയിലുള്ള
മാറ്റങ്ങൾ അല്ലെങ്കിൽ
തലവേദന

**എപ്പോഴും ചെയ്യുന്നത് പോലെ, നിങ്ങളുടെ കുഞ്ഞിന്റെ ചലനങ്ങളെക്കുറിച്ച് ബോധവാനായിരിക്കുകയും എന്തെങ്കിലും മാറ്റങ്ങൾ നിരീക്ഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.**

# മറ്റൊരു ആശുപത്രിയിലേക്ക് മാറ്റുക

കൂടുതൽ വേഗത്തിലുള്ള പരിചരണം ലഭിക്കുമെങ്കിൽ, നിങ്ങളുടെ കുഞ്ഞിന്റെ പ്രസവത്തിനായി മറ്റൊരു ആശുപത്രിയിലേക്ക് മാറ്റാനുള്ള ഓപ്ഷൻ നിങ്ങൾക്ക് ചിലപ്പോൾ വാഗ്ദാനം ചെയ്തേക്കാം. ഇതാണൊരു ഓപ്ഷനെങ്കിൽ അത് നിങ്ങളുമായി ചർച്ച ചെയ്യും. അത് നിങ്ങളുടെ ഇഷ്ടമാണ് കൂടാതെ നിങ്ങൾ മറ്റൊരു ആശുപത്രിയിൽ പോകേണ്ടതുമില്ല.

പ്രസവത്തെക്കുറിച്ചുള്ള നിങ്ങളുടെ മുൻഗണനകളും നിങ്ങൾക്ക് എന്താണ് പ്രധാനം എന്നതും ഞങ്ങൾക്ക് വളരെ പ്രധാനമാണ്. ഇവയിൽ ഏതെങ്കിലുമൊന്ന് നിങ്ങളുടെ പ്രസവ മുൻഗണനകളെ എങ്ങനെ സ്വാധീനിച്ചേക്കാം എന്നതിനെക്കുറിച്ച് നിങ്ങൾക്കുള്ള എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കാനും ചർച്ചകളിൽ ഏർപ്പെടാനും അവസരമുണ്ടായിരിക്കും.

നിങ്ങൾ മറ്റൊരു ആശുപത്രിയിൽ പോകാൻ തീരുമാനിക്കുകയാണെങ്കിൽ, നിങ്ങളുടെ പ്രസവ മുൻഗണനകളും വ്യക്തിഗത പരിചരണ പദ്ധതിയും (നിങ്ങൾ അങ്ങിനെ ഒന്ന് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ) ഉൾപ്പെടെ എല്ലാ അവശ്യ വിവരങ്ങളും പോകുന്ന ആശുപത്രിക്ക് നൽകിയിട്ടുണ്ടെന്ന് നിങ്ങളുടെ പരിചരണത്തിന് ഉത്തരവാദിത്തമുള്ള ടീം ഉറപ്പാക്കും. നിങ്ങളുടെ കുഞ്ഞ് ജനിച്ച് കഴിഞ്ഞാൽ, നിങ്ങൾ വീട്ടിൽ വരുമ്പോൾ നിങ്ങളുടെ പരിചരണത്തിനായി ഒരു പ്ലാൻ തയ്യാറാക്കാൻ അവർ നിങ്ങളുടെ യഥാർത്ഥ ആശുപത്രിയുമായി ബന്ധപ്പെടും.



**southeastclinicalnetworks.nhs.uk/induction-of-labour**

South East Maternity and Neonatal Team

CS57215 NHS Creative 2024